HLM-0068

The Heavenly Light Ministry

യേശു മഹോന്നതനേ മഹോന്നതനേ
വേഗം കാണാം
മൽ പ്രേമകാന്തനെ കാണാം

1 സുന്ദര രൂപനെ ഞാൻ
ഈ മേഘമതിൽ വേഗം കാണും
മൽപ്രേമ കാന്തനെ കാണും
കഷ്ടതയേറെ സഹിച്ചവരും
കല്ലേറടി ഇടികൊണ്ടു മരിച്ചവരന്നു
മിശിഹായോടു വാഴുമാ നാട്ടിൽ-
യേശു

2 പൊൻമണി മാലയവൻ എനിക്കു തരും
ശുഭ്രവസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന്
കണ്ണുനീരാകെ ഒഴിഞ്ഞീടുമെ
ആയിരമാണ്ടു വസിക്കുമവനോടു നാട്ടിൽ
എനിക്കായൊരുക്കിയ വീട്ടിൽ-
യേശു

3 രാപകലില്ലവിടെ പ്രശോഭിതമായൊരു നാടെ
നാലു ജീവികൾ പാടുമവിടെ
ജീവജലനദി ഉണ്ടവിടെ
ജീവ മരങ്ങളുമായ് നില കൊണ്ടൊരുദേശം
നല്ലൊരു ഭൂവന ദേശം-
യേശു